## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

23.06.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ . 3409

### മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനിൽ തീർപ്പാകാതെ കിടക്കുന്ന എത്ര അപേക്ഷകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ നിശ്ചയിച്ച അവസാന തീയതിയായ 30.06.2013 ന് മുമ്പായി സമർപ്പിക്കപ്പെട്ട 1,29,221 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ഒരേ അപേക്ഷയിൽ ഒന്നിൽ കൂടുതൽ കടങ്ങൾ ഉൾപ്പെട്ടിരിക്കുന്നു എന്നതിനാൽ എല്ലാ കടങ്ങളിലും തീർപ്പ് കൽപ്പിക്കുമ്പോഴെ തീർപ്പാക്കിയ അപേക്ഷകളുടെ പൂർണ്ണ വിവരങ്ങൾ ലഭിക്കുകയുള്ളൂ. |
| (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ഉണ്ട് എന്നും അപേക്ഷകർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) | അപേക്ഷകൾ സംബന്ധിച്ച കണക്ക് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല. |
| (സി) | തീർപ്പാകാതെ കിടക്കുന്ന പ്രസ്തുത അപേക്ഷകൾ തീർപ്പാക്കി മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (സി) | 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമ പ്രകാരം കടമെടുത്ത അപേക്ഷകർക്കും വായ്പ നൽകിയ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി അവരിൽ നിന്നും തെളിവെടുത്ത് അപേക്ഷകൾ തീർപ്പാക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സിറ്റിംഗുകൾ കടാശ്വാസ കമ്മീഷൻ നടത്തി വരികയാണ്. ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളുമായി അനുരഞ്ജനത്തിലെത്തുന്നതിന് ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ